**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1732** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ മദ്യവിൽപ്പന സൃഷ്ടിക്കുന്ന സാമൂഹ്യ സുരക്ഷാ പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ബിവറേജസ് കോർപ്പറേഷന് അനുവദിക്കുന്നതിന് മുന്നോടിയായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകളിൽ ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ ബിവറേജസ് കോർപ്പറേഷന് അനുവദിക്കുന്നതിന് തീരുമാനം എടുത്തിട്ടില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകളിൽ മദ്യശാലകൾ തുടങ്ങിയാൽ അത് യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് അസൗകര്യം ഉണ്ടാക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി സ്റ്റാന്റുകളിൽ മദ്യശാലകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടില്ല. |
| (സി) | ഇത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. മാർക്കറ്റിങ് വിഭാഗം ബിവറേജസ് കോർപ്പറേഷൻ അധികൃതരുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി.യുടെ കൈവശത്തിലും ഉപയോഗത്തിലും ഇരിക്കുന്ന വസ്തുക്കളിൽ ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിശ്ചിത കാലയളവിലേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ബസ് ഡിപ്പോകളിൽ നിന്ന് മാറി സ്ഥിതിചെയ്യുന്ന ഇത്തരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട 16 സ്ഥലങ്ങളിൽ Bevco-യുടെ Outlet-കൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക ചർച്ച Bevco-യുമായി നടത്തിയിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി. യുടെ ഉപയോഗശൂന്യമായ ഭൂമി നിശ്ചിതകാലത്തേക്ക് മദ്യശാലകൾക്കായി കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ കൈവശത്തിലും ഉപയോഗത്തിലും ഇരിക്കുന്ന വസ്തുക്കളിൽ ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിശ്ചിത കാലയളവിലേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ബസ് ഡിപ്പോകളിൽ നിന്ന് മാറി സ്ഥിതിചെയ്യുന്ന ഇത്തരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട 16 സ്ഥലങ്ങളിൽ Bevco-യുടെ Outlet-കൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക ചർച്ച Bevco-യുമായി നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ